'ഭരണഭാഷ- മാതൃഭാഷ'

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- ലൈഫ് മിഷൻ പദ്ധതിയ്ക്കായി എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ബ്രിഡ്ജ് ലോൺ അനുവദിച്ച സർക്കാർ ഉത്തരവിൽ ഭേദഗതി വരുത്തിയും ലൈഫ് പദ്ധതി സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

**സ.ഉ.(സാധാ) നം.1026/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 22/05/2019**

പരാമർശം:- 1 സ.ഉ (സാധാ) നം. 688/2019/തസ്വഭവ തീയതി 22.03.2019

2 ലൈഫ് മിഷൻ സി.ഇ.ഓയുടെ 03.04.2019ലെ LF-18/Fin/2018 നമ്പർ കത്ത്.

3 കെ.യു.ആർ.ഡി.എഫ്.സി, എംഡിയുടെ 04.04.2019ലെ KURDFC/A2/289/2018(135) നമ്പർ കത്ത്.

## ഉത്തരവ്

ലൈഫ് മിഷൻ പദ്ധതിയ്ക്കായി ഹഡ്കോയിൽ നിന്നനുവദിച്ച വായ്പയുടെ 3-ാം ഗഡു ലഭിക്കുന്നതിന് കാലതാമസമുണ്ടായതിനെ തുടർന്ന് പദ്ധതിയുടെ അടിയന്തിര ചെലവുകൾക്കായി പരാമർശം 1ലെ സർക്കാർ ഉത്തരവ് പ്രകാരം ഹ്രസ്വകാല വായ്പയായി എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്നും ബ്രിഡ്ജ് ലോൺ ഇനത്തിൽ 425 കോടി രൂപ വായ്പ എടുക്കുവാൻ കെ.യു.ആർ.ഡി.എഫ്.സിയ്ക്ക്അനുമതി നൽകിയിരുന്നു. ഹഡ്കോയിൽ നിന്നും ലഭ്യമാകുന്ന 3-ാം ഗഡുവായ 375 കോടി രൂപ ബ്രിഡ്ജ് ലോൺ തിരിച്ചടവിന് വിനിയോഗിക്കുന്നതാണെന്ന്സർക്കാർ ഉത്തരവിലും സഹകരണ ബാങ്കുമായുള്ള കരാറിലും വ്യക്തമാക്കിയിരുന്നു.

2. എന്നാൽ ലൈഫ് പദ്ധതിയിൽ അന്തിമ ഘട്ടത്തിലായ ഭവനങ്ങളുടെ നിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കുവാൻ ഓരോ ഭവനത്തിനും സംസ്ഥാന വിഹിതമായ ഒരു ലക്ഷം രൂപ വീതം അടിയന്തിരമായി നല്കേണ്ടതുണ്ടെന്നും ആയതിനാൽ ഹഡ്കോയിൽ നിന്നും മൂന്നാം ഗഡുവായി ലഭിച്ച 375 കോടി രൂപ സംസ്ഥാനവിഹിതമായി കണക്കാക്കി അനുവദിച്ച് നൽകണമെന്നും 2019-20ലെ ബഡ്ജറ്റ് പ്രൊവിഷനിൽ ലൈഫ് മിഷൻ പ്രൊജക്ടിനുവേണ്ടി സർക്കാർ അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്നും ബ്രിഡ്ജ് ലോൺ വായ്പാ തുകയുടെ മുതലും പലിശയും തിരിച്ചടയ്ക്കാമെന്നും പരാമർശം 2 കത്ത് പ്രകാരം ലൈഫ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ആവശ്യപ്പെടുകയുണ്ടായി. ഇത് സർക്കാർ ഉത്തരവിലേയും സഹകരണ ബാങ്കുമായി ഉണ്ടാക്കിയ കരാറിലേയും വ്യവസ്ഥകളിൽ നിന്നും വ്യതിചലിച്ചു കൊണ്ടുള്ള ശിപാർശയായതിനാൽ സർക്കാർ തലത്തിൽ തീരുമാനമാകണമെന്നും 02.04.2019ൽ ഹഡ്കോ 3-ാം ഗഡു കെ.യു.ആർ.ഡി.എഫ്.സിയുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളതായും പരാമർശം 3-ലെ കത്ത് പ്രകാരം കെ.യു.ആർഡി.എഫ്.സി, എംഡി അറിയിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു.എറണാകുളം ജില്ലാ സഹകരണ ബാങ്കിൽ നിന്ന് കെ.യു.ആർ.ഡി.എഫ്.സി മുഖേന എടുത്ത ബ്രിഡ്ജ് ലോൺ, ലൈഫ് മിഷൻ പദ്ധതിയ്ക്ക നൽകുന്ന സ്റ്റേറ്റ് ഷെയറിനുള്ള വായ്പയായി കണക്കാക്കി പരാമർശം 1ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യും ലൈഫ് മിഷൻ പദ്ധതി സംബന്ധിച്ച് ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ നല്കിയും ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

1 ) KURDFC -യിൽ നിലവിൽ ലഭ്യമായ മുഴുവൻ തുകയും സ്റ്റേറ്റ് ഷെയറായും ഗുണഭോക്താക്കൾക്ക് അർഹതപ്പെട്ട ബാക്കി തുക വായ്പാ ഗഡുക്കളായും അടിയന്തിരമായി വിതരണം പൂർത്തിയാക്കി മഴക്കാലത്തിനുമുമ്പ് പരമാവധി വീടുകൾ പൂർത്തിയാക്കേണ്ടതാണ്.

2) ബ്രിഡ്ജ് ലോൺ ലൈഫിന്റെ പദ്ധതി വിഹിതത്തിൽനിന്ന് പരസ്പരം അംഗീകരിച്ച നിബന്ധന പ്രകാരം തിരിച്ചടവിനുള്ള ക്രമീകരണം ചെയ്യേണ്ടതാണ്.

3) ധനവകുപ്പും ഹഡ്കോയുമായി ചർച്ച ചെയ്ത് അനുവദിച്ച 3000 കോടി രൂപയും 2019-20 വർഷത്തിൽ ലൈഫിന്റെ രണ്ടും മൂന്നും ഘട്ടങ്ങൾക്കായും സംസ്ഥാന വിഹിതമായും വിനിയോഗിക്കാൻ നടപടികൾ പൂർത്തിയാക്കി അടുത്ത മിഷൻ യോഗത്തിൽ തന്നെ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫന്**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, 2-ാം നില, പിടിസി ടവർ, എസ്.എസ്. കോവിൽ റോഡ്, തമ്പാനൂർ
റീജനൽ ചീഫ്, ഹഡ്കോ, 3-ാം നില, സാഫല്യം കോംപ്ലക്സ്, പാളയം
മാനേജിംഗ് ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി, 5-ാം നില, ട്രാൻസ് ടവർ, വഴുതക്കാട്
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ജനറൽ മാനേജർ, ജില്ലാ സഹകരണ ബാങ്ക്, എറണാകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ&ഇ) തിരുവനന്തപുരം
ധനകാര്യ വകുപ്പ് ( DEV-2/57/2019-Fin dated 27.04.2019 പ്രകാരം)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്